# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3556** **11.12.2018-ൽ മറുപടിയ്ക്ക്**

## ലൈഫ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| എ | ലൈഫ് പദ്ധതി പ്രകാരവും മറ്റ് ഭവന പദ്ധതികൾ വഴിയും അനർഹമായി ഫണ്ട് കൈപ്പറ്റിയ പതിനൊന്നായിരത്തിലധികം പേരെ കുറിച്ച് സർക്കാരിന് കൃത്യമായ വിവരങ്ങൾ ലഭ്യമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ & ബി | ലൈഫ് പദ്ധതി പ്രകാരം അനർഹരായി ആരുംതന്നെ സഹായം കൈപ്പറ്റിയിട്ടില്ല. 2000-2001 സാമ്പത്തിക വർഷം മുതൽ വിവിധ സർക്കാർ ഭവനപദ്ധതികൾ പ്രകാരം ധനസഹായം വാങ്ങിച്ചതും എന്നാൽ നാളിതുവരെ പൂർത്തീയാക്കാത്തതുമായ ചില ഗുണഭോക്താക്കളെ ലൈഫ് മിഷന്റെ ആദ്യഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്ന ഭവനപദ്ധതിയിൽ ഉൾക്കൊളളിച്ച് ധനസഹായം ലഭ്യമാക്കാൻ പരിഗണിച്ചപ്പോൾ ചിലരെ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർ എല്ലാം അനർഹരാണ് എന്ന് സർക്കാർ കരുതുന്നില്ല. കണ്ടെത്താൻ കഴിയാത്തവരിൽ മരണപ്പെട്ടവരും സ്ഥലംമാറിപോയവരും ഉണ്ട്. കൂടാതെ ചില ഗുണഭോക്താക്കൾ മറ്റ് തരത്തിൽ വീട് നിർമ്മാണം പൂർത്തിയാക്കിയവരും ഉണ്ട്. |
| ബി | പരിശോധനയിൽ ഇവരെ കണ്ടെത്താൻ കഴിയാത്ത സാഹചര്യമുണ്ടോ; ചിലർ മരണപ്പെട്ടുകയും മറ്റ് ചിലർ അന്യസംസ്ഥാനങ്ങളിലേക്ക് താമസം മാറ്റുകയും ചെയ്ത സാഹചര്യമുണ്ടോ; വ്യക്തമാക്കുമോ; | | |
| സി | കോടിക്കണക്കിനു രൂപയുടെ നഷ്ടം സർക്കാരിന് ഇതു വഴി സംഭവിച്ചതായുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; | സി | മുൻകാലങ്ങളിലെ ഭവന പദ്ധതികളിൽ എത്ര അനർഹർ ആനുകൂല്യം കൈപ്പറ്റിയെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. |
| ഡി | റേഷൻ കാർഡില്ലാത്തതിനാൽ പദ്ധതിയിൽ നിന്നും പുറത്തായ ഭൂമിയുള്ള ഭവനരഹിതരുടെ കാര്യത്തിൽ സർക്കാറിന്റെ തീരുമാനമെന്താണെന്ന് വ്യക്തമാക്കാമോ; | ഡി | ഗുണഭോക്താവിനെ തിരഞ്ഞെടുത്ത സമയത്ത് റേഷൻകാർഡുള്ള വീടില്ലാത്ത കുടുംബത്തിനാണ് ലൈഫ് മുഖേനവീടിനുള്ള ധനസഹായം നൽകുന്നത്. റേഷൻകാർഡില്ലാത്തവരെ (അർഹരായ അഗതികൾ ഒഴികെ) നിലവിൽ പരിഗണിക്കുന്നില്ല. |

| | | | |
|---|---|---|---|
| ഇ | ഗുണഭോക്താവ് ഉൾപ്പെട്ട റേഷൻ കാർഡിലെ മറ്റൊരാൾക്ക് സ്വന്തമായി വീടുണ്ടെങ്കിൽ അർഹതപ്പെട്ട ഗുണഭോക്താവിനെ പദ്ധതിയിൽ പരിഗണിക്കാത്ത സാഹചര്യമുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | ഇ | ഉണ്ട്. ഒരു റേഷൻകാർഡിൽ ഉൾപ്പെട്ടവരെ ഒരു യൂണിറ്റായി പരിഗണിച്ചാണ് ഭവനം നൽകുന്നത്. |

സെക്ഷൻ ഓഫീസർ